**പതിനാലാം കേരള നിയമസഭ**

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 585 04.02.2020-ലെ മറുപടിയ്ക്ക്

## <u>സംസ്ഥാന ബോൾ ബാഡ്മിന്റൺ അസോസിയേഷൻ</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ. ആൻസലൻ** | | **ശ്രീ.ഇ.പി.ജയരാജൻ**<br>വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാന ബോൾ ബാഡ്മിന്റൺ അസോസിയേഷന് സംസ്ഥാന ജൂനിയർ, സീനിയർ, സബ് ജൂനിയർ ചാമ്പ്യൻഷിപ്പുമായി ബന്ധപ്പെട്ട് 2015-16, 2016-17, 2017-18, 2018-19 എന്നീ വർഷങ്ങളിൽ എത്ര തുകയാണ് സ്പോർട്സ് കൗൺസിൽ നൽകിയതെന്ന് വ്യക്തമാക്കാമോ; | (എ) | 2016-17 സാമ്പത്തിക വർഷത്തിൽ 30,000/-രൂപയും 2017-18 സാമ്പത്തിക വർഷത്തിൽ 70,000/-രൂപയും സംസ്ഥാന ബോൾ ബാഡ്മിന്റൺ അസോസിയേഷന് അനുവദിച്ച നൽകിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ ഗ്രാന്റ് അനുവദിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത തുക മുൻകൂർ ആയി നൽകുന്നതിനുള്ള തടസ്സമെന്ത് എന്ന് വിശദമാക്കാമോ; | (ബി) | ഗ്രാന്റ് ഇൻ എയ്ഡ് റെഗുലേഷൻ പ്രകാരം മാനദണ്ഡങ്ങൾ പാലിച്ച് കൗൺസിലിൽ സമർപ്പിക്കുന്ന ക്ലെയിമുകൾ പരിഗണിച്ച് കൗൺസിൽ ഗ്രാന്റ് അനുവദിച്ച നൽകിയിട്ടുണ്ട്. എന്നാൽ യഥാസമയം മാനദണ്ഡങ്ങൾ പാലിയ്ക്കാത്ത സാഹചര്യങ്ങളിൽ (ആനുവൽ റിപ്പോർട്ട്, ആഡിറ്റഡ് സ്റ്റേറ്റ്മെന്റ് ഓഫ് അക്കൗണ്ട്സ് സമയബന്ധിതമായി സമർപ്പിക്കാത്തതിനാലും, കൗൺസിൽ അനുവദിച്ച് അഡ്വാൻസ് ക്ലെയിമുകൾ യഥാ സമയം ക്രമീകരിക്കാത്തതിനാലും) മുൻകൂർ തുക അനുവദിക്കാൻ സാധിക്കുകയില്ല. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്ത് നിന്നും അഖിലേന്ത്യാ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്ന ബോൾ ബാഡ്മിന്റൺ കായിക താരങ്ങൾക്ക് ടി.എ., ഡി.എ. ഇനങ്ങളിൽ 2015 ജനുവരി മുതൽ 2019 ഡിസംബർ വരെ തുക അനുവദിച്ച നൽകിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ? | (സി) | സംസ്ഥാനത്ത് നിന്നും അഖിലേന്ത്യാ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്ന ബോൾ ബാഡ്മിന്റൺ കായിക താരങ്ങൾക്ക് ടി.എ., ഡി.എ. ഇനങ്ങളിൽ 2015 ജനുവരി മുതൽ 2019 ഡിസംബർ വരെ ആകെ 1,87,000/- രൂപ അനുവദിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**